**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2920** **22-01-2021 - ൽ മറുപടിയ്ക്ക്**

**ബെവ്കോ ഔട്ട്ലെറ്റുകളുടെ പ്രവർത്തന സമയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri. T. P . Ramakrishnan**<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലോക്ഡൗൺ കാലത്ത് അടച്ചിട്ടിരുന്ന ബെവ്കോ മദ്യശാലകൾ വീണ്ടും തുറന്നപ്പോൾ വിൽപന സമയം വൈകിട്ട് അഞ്ച് മണിവരെ ആയി നിജപ്പെടുത്തിയിരുന്നോ; | (എ) | പ്രവർത്തനസമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെയായി നിജപ്പെടുത്തിയിരുന്നു. |
| (ബി) | ഓണക്കാലത്ത് വിൽപന തിരക്ക് കുറയ്ക്കുവാനായി പ്രസ്തുത സമയം ഏഴുമണിയായി വർദ്ധിപ്പിച്ചിരുന്നോ; | (ബി) | വർദ്ധിപ്പിച്ചിരുന്നു. |
| (സി) | ബെവ്കോ ഔട്ട്ലെറ്റുകളുടെ വിൽപന സമയം രാത്രി ഒൻപത് മണിവരെയായി ദീർഘിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ; | (സി) | കോവിഡ് നിയന്ത്രണങ്ങളിൽ വരുത്തിയ ഇളവുകൾ പരിഗണിച്ച് ചില്ലറവിൽപ്പനശാലകളുടെ പ്രവൃത്തി സമയം കോവിഡ് വ്യാപനത്തിനു മുമ്പുള്ള പ്രവൃത്തി സമയമായിരുന്ന രാവിലെ 10 മണി മുതൽ രാത്രി 9മണി വരെയായി പുനക്രമീകരിച്ചിട്ടുണ്ട്. |
| (ഡി) | ബെവ്കോ ഔട്ട്ലെറ്റുകൾക്ക് തിരുവോണം മുതൽ മൂന്ന് ദിവസം അവധി നൽകിയിരുന്നോ; ഇത് ബാർ മുതലാളിമാരെ സഹായിക്കുന്നതിന് വേണ്ടിയാണെന്ന ആക്ഷേപം വസ്തുതാപരമാണോ ? | (ഡി) | മുൻവർഷങ്ങളിലെ തിരുവോണദിവസം സംസ്ഥാനത്തെ ബെവ്കോ ഔട്ട്ലെറ്റുകൾക്ക് അവധി നൽകിയിരുന്നതു പോലെ 2020 ലെ തിരുവോണ ദിവസമായ ആഗസ്റ്റ് 31നും സംസ്ഥാനത്തെ ബെവ്കോ ഔട്ട്ലെറ്റുകൾക്ക് അവധി നൽകിയിരുന്നു. അബ്കാരിനിയമങ്ങളും ചട്ടങ്ങളും പ്രകാരം ഇംഗ്ലീഷ് മാസങ്ങളിലെ ഒന്നാംതീയതിയും ശ്രീനാരായണഗുരുജയന്തിയും സംസ്ഥാനത്ത് ഡ്രൈഡേയാണ്. ആയതിനാൽ 2020 ആഗസ്റ്റ് 31 സംസ്ഥാനത്തെ ബെവ്കോ, ഔട്ട്ലെറ്റുകൾക്ക് അവധിയും സെപ്റ്റംബർ 1,2 തീയതികളിൽ സംസ്ഥാനത്ത് ഡ്രൈ ഡേയുമായിരുന്നു. |

സെക്ഷൻ ഓഫീസർ